## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5571

24.05.2017 ൽ മറുപടിയ്ക്ക്

### റിമാന്റ് തടവുകാരെ സെൻട്രൽ ജയിലിൽ നിന്നും മാറ്റുന്നതിന് തീരുമാനം

| ചോദ്യം<br>ശ്രീ. വി.ടി. ബൽറാം | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | റിമാന്റ് തടവുകാരെ സെൻട്രൽ ജയിലിൽ നിന്നും മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെങ്കിലും കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണോ ഈ തീരുമാനം.; | (എ) | റിമാന്റ് തടവുകാരെ സെൻട്രൽ ജയിലിൽ നിന്നും മാറ്റുന്നതുമായി ബന്ധപ്പെട്ട് തീരുമാനം ഒന്നും തന്നെ നിലവിൽ എടുത്തിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് പുതിയതായി എവിടെയെല്ലാമാണ് സബ് -ജയിലുകൾ ആരംഭിക്കുന്നത് ; | (ബി) | സംസ്ഥാനത്ത് ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ സബ് ജയിലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു :<br>1.കൂത്തുപറമ്പ് - കണ്ണൂർ ജില്ല<br>2.മണ്ണാർക്കാട് - പാലക്കാട് ജില്ല<br>3.നെടുമങ്ങാട് - തിരുവനന്തപുരം ജില്ല<br>4.ഏറ്റുമാനൂർ - കോട്ടയം ജില്ല<br>5.തളിപ്പറമ്പ് - കണ്ണൂർ ജില്ല<br>6.താമരശ്ശേരി - കോഴിക്കോട് ജില്ല |
| (സി) | ഇതിനായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; | (സി) | കൂത്തുപറമ്പ് സബ് ജയിൽ ആരംഭിക്കുന്നതിന് സ്ഥലവും കെട്ടിടങ്ങളും റവന്യൂ വകുപ്പിന്റെ 10.04.2017 ലെ 117/2017/റവന്യൂ ഉത്തരവിലൂടെ ജയിൽ വകുപ്പിന് കൈമാറിയിട്ടുണ്ട്. മറ്റു ജയിലുകൾക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പുതിയ സബ് ജയിലുകൾ ആരംഭിക്കുന്നതിനോടൊപ്പം ജയിൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) | തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ